**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2019

## ബി.ഡി.എസ് കോഴ്സിന്റെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ

ആഗസ്റ്റ് **26,27** തീയതികളിലായി നടന്ന മോപ്–അപ്പ് കൗൺസലിംഗിനുശേഷം **സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിവുള്ള ബി.ഡി.എസ് സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ 30.08.2019** വെള്ളി യാഴ്ച ഉച്ചയ്ക്ക് **2** മണിക്ക് **കാര്യവട്ടത്തെ സ്പോർട്സ് ഹബ്ബിലുള്ള ട്രാവൻകൂർ ഇന്റർ നാഷണൽ കൺവെൻഷൻ സെന്ററിൽ** (**ഗ്രീൻഫീൽഡ് സ്റ്റേഡിയം**) വച്ച് നടത്തുന്നതാണ്.

കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരമുള്ളത്. നിലവിൽ സ്വാശ്രയ ദന്തൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ ദന്തൽ കോളേജിലെ ഒഴിവുകളിൽ പരിഗണിക്കുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹി ക്കുന്ന വിദ്യാർത്ഥികൾക്ക് **'www.cee.kerala.gov.in'** എന്ന വെബ്സൈറ്റിലെ അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Registration slip'**എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **28.08.2019** വൈകുന്നേരം **6** മണി മുതൽ സ്ലിപ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ. സ്റ്റേറ്റ് മെറിറ്റ് വിഭാഗത്തിൽ നിലവിലുള്ള **44** ഒഴിവുകളും **30.08.2019–ന് ഗവ. കോളേജിൽ ഉൾപ്പെടെ** ലഭ്യമാകാവുന്ന ഒഴിവുകളും സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്.

### ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും

സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസിനത്തിൽ **1,00,000/–** രൂപ (ഒരു ലക്ഷം രൂപ മാത്രം) ഏതെങ്കിലും ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി എടുത്ത് സ്പോട്ട് അഡ്മിഷനിൽ ഹാജരാക്കേണ്ടതാണ്. ബാക്കി തുക പ്രവേശനം ലഭിക്കുന്ന കോളേജിൽ അടയ്ക്കേണ്ട താണ്. ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിലൂടെ മറ്റ് കോഴ്സു കളിൽ അഡ്മിഷൻ ലഭിച്ചവർ (എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി ഒഴികെ) **BDS** സീറ്റിലേക്ക് മാറുകയാണെങ്കിൽ അധികമായി അടയ്ക്കേണ്ട തുകയ്ക്ക് തുല്യമായ ഡി.ഡി. ഹാജരാക്കിയാൽ മതി യാകും. ഫീസ് സംബന്ധിച്ച വിവരങ്ങൾ ആദ്യത്തെ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് പ്രസിദ്ധീകരിച്ചി ട്ടുള്ളത് കാണുക. **SC/ST/OEC** വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുൾ പ്പെടെ ഫീസ് ആനുകൂല്യമുള്ളവർ ഫീസ് അടയ്ക്കേണ്ടതില്ല.

### മോപ്പ്–അപ്പ് കൗൺസലിംഗിന് ഹാജരാക്കേണ്ട രേഖകൾ

മോപ്പ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകളുമായി മോപ്പ്–അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്.

1. മോപ്പ്–അപ്പ് കൗൺസലിംഗ് സ്ലിപ്പ്
2. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്
3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി ഏതെങ്കിലും കോഴ്സിലോ കോളേജിലോ (എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി ഒഴികെ) ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള 'പൊസഷൻ സർട്ടിഫിക്കറ്റ്', എൻ.ഒ.സി. എന്നിവയുടെ അസൽ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (പ്രോസ്പെക്ടസ് ക്ലോസ്.11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി. എന്നിവയുമായി ഹാജരാകേണ്ടതാണ്.

4. മറ്റു വിദ്യാർത്ഥികൾക്ക് റ്റി.സി, അസൽ രേഖകൾ (അപ്‌ലോഡ് ചെയ്തവ, പ്രോസ്പെക്ടസ് ക്ലോസ്. 11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി കൗൺസലിംഗിന് പങ്കെടുക്കാവുന്നതാണ്.
5. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
6. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
7. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
8. KEAM 2019 ഡാറ്റാ ഷീറ്റ്
9. KEAM 2019 പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

**കുറിപ്പ്:**

*സ്പോട്ട് അഡ്മിഷനുശേഷം വിടുതൽ വാങ്ങുന്നവർക്ക് പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.*

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
28.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**